# 56

# ദൈവം പ്രകാശം അണക്കുമ്പോൾ
## (18:1- 24)

"സാഹിത്യവിജയത്തിന്റെ ഭാവനാ ശക്തി"[1] എന്നാണ് വെളിപ്പാട് 17 ഉം 18 ഉം അദ്ധ്യായങ്ങളെ ബ്രൂസ് മെറ്റ്സ്ജർ വിശേഷിപ്പിച്ചത്. വെളിപ്പാട് 18 "വെളിപ്പാടിലെ മഹത്തായ അദ്ധ്യായങ്ങളിൽ ഒന്നാണ്, ... ഉറക്കെ വായിക്കുക, ആ അദ്ധ്യായം ഉത്തമവും, മനോഹരവും, ഭയങ്കരവും, അതേസമയം താൽപര്യം ജനിപ്പിക്കുന്ന പദ്യവുമാണ്"[2] എന്ന് ദാനിയേൽ റസൽ പറഞ്ഞു.

പഴയനിയമകാലത്തെ നാശത്തെ അറിയിച്ചശേഷമുള്ള സന്ദേശമാണ് അദ്ധ്യായം 18 ലേത് – ഉദാഹരണമായി നിനെവെയെ കുറിച്ചും (സെഫന്യാവ് 2), ഏദോമിനേയും (യെശയ്യാവ് 34), യിസ്രായേലിനേയും കുറിച്ച് (ആമോസ് 5). ബാബേലിന്റേയും സോരിന്റേയും പതനത്തെ കുറിച്ചുള്ള വിലാപഗാനമാണ് നമ്മെ ഓർപ്പിക്കുന്നത് (യെശയ്യാവ് 13; 14; 21; യിരെമ്യാവ് 50; 51; യെഹസ്കേൽ 26; 27). പഴയനിയമ വാക്കുകളുടെ മുഴക്കമാണ് അദ്ധ്യായത്തിലുള്ളത്; എന്നാൽ പഴയനിയമത്തിൽ ദൈവം മുന്നറിയിച്ചത് അങ്ങനെ തന്നെ സംഭവിച്ചു എന്നതാണ് ഒന്നാം-നൂറ്റാണ്ടിലെ ക്രിസ്ത്യാനികളെ അത് ഓർപ്പിക്കുന്നത്. ആകയാൽ ബാബിലോൻ (റോം) വീഴുമെന്ന് ദൈവം പറഞ്ഞത് *അങ്ങനെ തന്നെ* സംഭവിക്കുമെന്ന് അവരെ ഉറപ്പിക്കുകയായിരുന്നു.

അദ്ധ്യായം 18 ന് മൂന്നു ഭാഗങ്ങളാണുള്ളത് (വാക്യം 1–8, വാ. 9–19, വാ. 20–24), ബാബിലോന്റെ പതനത്തെയാണ് ഓരോന്നും വിഷയമാക്കുന്നത്. എന്നെ ഏറ്റവുമധികം പഠിപ്പിക്കുന്നത് ഒറ്റപ്പെട്ട നഗരത്തിന്റെ അവസ്ഥ സൂചിപ്പിച്ചിരിക്കുന്ന രംഗങ്ങളാണ്. മനുഷ്യരുടെ നിവാസം പിന്നെ ഇല്ലാതായി (വാ. 22, 23), നഗരം അറെപ്പുളവാക്കുന്ന ജന്തുക്കളുടെ വിഹാര കേന്ദ്രമായി തീർന്നു. (വാ. 2) "വിളക്കിന്റെ വെളിച്ചം നിന്നിൽ ഇനി പ്രകാശിക്കയില്ല" എന്നാണ് പറഞ്ഞത് (വാ. 23) ഒരിക്കൽ അഹങ്കരിച്ച നഗരം ഇപ്പോൾ ഇരുട്ടിലും ഏകാന്തതയിലുമായി.

"ദൈവം പ്രകാശം അണക്കുമ്പോൾ" മൂന്നു ഭാഗങ്ങളും ഒന്നായി ചേർക്കുവാനും പാപത്തിന്റെ അനന്തരഫലങ്ങളെ ഊന്നി പറയുവാനും ഞാൻ ആഗ്രഹിക്കുന്നു. വിശദാംശങ്ങൾക്ക് ഞാൻ കൂടുതൽ സമയം ചെലവിടും, എന്നാൽ വിശദാംശങ്ങൾ വേദഭാഗത്തിന്റെ പ്രധാനപ്പെട്ട വശം എടുത്തുകളയുന്നില്ല. *അർത്ഥം* മനസിലാക്കുന്നതിനേക്കാൾ *ഭീഷണി* മനസിലാക്കുന്നതാണ് പ്രധാനം എന്ന് മൈക്കിൾ വിൽകോക്ക് പറഞ്ഞു.[3]

### പ്രകാശം തീർച്ചയായും ഇല്ലാതാകും
### (18:1-8)

ദൈവം പ്രകാശം അണക്കുമ്പോൾ, പ്രകാശം തീർച്ചയായും ഇല്ലാതാകും.

**പ്രഖ്യാപനം (വാ. 1-3)**

യോഹന്നാൻ ആരംഭിച്ചു, "അനന്തരം ഞാൻ വലിയ അധികാര

മുള്ള മറ്റൊരു ദൂതൻ സ്വർഗത്തിൽനിന്നു ഇറങ്ങുന്നതു കണ്ടു,[4] അവന്റെ തേജസിനാൽ ഭൂമി പ്രകാശിച്ചു'' (വാ. 1). ദൂതൻ ദൈവസന്നിധിയിൽ നിന്നും അവന്റെ ശക്തിയോടും തേജസോടും കൂടിയാണ് വന്നത്.[5] അവൻ "അത്യുച്ചത്തിൽ നിലവിളിച്ച്" എല്ലാവരും കേൾക്കേണ്ടതിനു പറഞ്ഞു, "മഹ തിയാം ബാബിലോൻ വീണുപോയി." (വാ. 2).[6] ന്യായവിധി നേരത്തെ പ്രഖ്യാ പിച്ചതാണ് (14:8); ഇപ്പോൾ ശിക്ഷാവിധി നടപ്പാക്കുകയായിരുന്നു.

"യോഹന്നാൻ ഈ മുഖ്യമായ അദ്ധ്യായങ്ങൾ എഴുതുമ്പോൾ പോലും, റോം അതിന്റെ പ്രതാപത്തിലും പരമോന്നത നേട്ടത്തിലും ആയിരുന്നു."[7] ദൂതൻ സംസാരിച്ചതു സംഭവിച്ചുകഴിഞ്ഞതുപോലെ ഭൂതകാലത്തിലാണ്. ന്യായവിധി ദൈവമനസിലാണ് ആദ്യം സംഭവിക്കുന്നത്. ദൈവത്തെ സംബന്ധിച്ച് ബാബി ലോൻ ഒരു നേട്ട സംഭവമായിരുന്നു.[8]

ബാബിലോന്റെ വീഴ്ച്ചയെ വിവരിക്കുന്നത് ശോകപ്രവണതയായിട്ടാണ്: "സകല അശുദ്ധാത്മാക്കളുടേയും തടവും[9] അശുദ്ധിയും അറെപ്പുമുള്ള[10] സകല പക്ഷികളുടേയും തടവുമായി തീർന്നു" (വാ. 2).[11] രംഗം ഉപേക്ഷി ക്കപ്പെട്ട നഗരമായി നാശകരമായി വീണതിനാൽ ക്ഷുദ്രജീവികളുടെ താവ ളമായിത്തീർന്നു.

"ഭൂതങ്ങളും സകല അശുദ്ധാത്മാക്കളും" എന്ന പ്രയോഗം നമ്മെ "പു തിയനിയമകാലത്ത് അന്യദേവന്മാരെ ആരാധിച്ചിരുന്നവർ ഭൂതങ്ങൾക്ക് ബലി കഴിക്കുന്ന രീതിയിലേക്ക് മാറിയി [രുന്നു] എന്ന് ഓർപ്പിക്കുന്നു"ഏ.[12] (1 കൊ രിന്ത്യർ 10:20 നോക്കുക.) "ഒരിക്കൽ അവരുടെ ശക്തിദുർഗ്ഗമായിരുന്ന ക്ഷേത്ര ങ്ങളുടെ നാശാവശിഷ്ടങ്ങളെ തീർക്കാനാവാത്ത ദുഃഖത്താൽ അവരുടെ വാഴ്ച്ചയെ അന്യദേവന്മാർ പുറത്താക്കിയിരിക്കുന്നു."[13]

വീണതായ ബാബിലോണിൽ, "അശുദ്ധിയും അറെപ്പുമുള്ള പക്ഷികൾ" വസിച്ചിരുന്നു. ആ ഭാവനയോട് നമ്മിൽ പലർക്കും ബന്ധമുണ്ട്. ഇപ്പോൾ മൃഗങ്ങൾക്കും പക്ഷികൾക്കും സങ്കേതമായി തീർന്ന നശിച്ചുപോയ ഘടനക ളുടെ അവശിഷ്ടങ്ങൾ നാം കണ്ടിട്ടുണ്ട് (അവയിൽ ചിലത് നമ്മെ രാത്രിയിൽ കാണുവാനിഷ്ടപ്പെടുന്നില്ല).

നശിച്ച ബാബിലോനെ വരച്ചുകാണിച്ചത് അന്നത്തെ സാധാരണക്കാർക്ക് മനസിലാകുമായിരുന്നു. "മരുഭൂമി കയ്യേറുന്നതിന് മുൻപ് ഗൾഫിൽ താമസി ച്ചിരുന്നവർ കാറ്റിനോടും മണലിനോടും വൻ കരയുദ്ധം നടത്തിയിരുന്നു.ഉ പേക്ഷിക്കപ്പെട്ട നഗരം പെട്ടെന്ന് പിന്തുടരത്തക്ക സ്ഥലമായി തീർന്നു."[14] ദൈവവചനം അറിയാവുന്നവർക്ക്, ആ പ്രയോഗത്തിന് പ്രത്യേക പ്രാധാന്യമു ണ്ട്. പുരാതന ബാബേലിന്റെ വീഴ്ച്ചയെ പ്രവചിച്ച് ഉപയോഗിച്ച വാക്കുകളും ഇതുപോലുള്ളതായിരുന്നു (യെശയ്യാവ് 13:19–22), ആ പ്രവചനങ്ങൾ നാടകി യമായി നിറവേറി.

> പുരാതന വിപത്തുകളിലൊന്നായിരുന്നു ചരിത്രപരമായ ബാബിലോ ന്റെ വീഴ്ച്ച ... പേർഷ്യയുടേയും, മക്കെദോന്യരുടേയും, പർത്ഥരുടേയും വിജയകരമായ കീഴ്പ്പെടുത്തലുകളുണ്ടായിരുന്നുവെങ്കിലും, അത് ഏ.ഡി ഒന്നാം നൂറ്റാണ്ടുവരെ ചുരുങ്ങി ചുരുങ്ങിയാണ് വന്നത്. അത് സ്ഥിതി ചെയ്തിരുന്നത് ഫലപൂയിഷ്ടമായ ഭൂമിയിലെ നയതന്ത്ര സ്ഥാനത്താ യിരുന്നുവെങ്കിലും, ... അത് പെട്ടെന്ന് അതിന്റെ പ്രാധാന്യം നഷ്ടപ്പെട്ട് നാശനഷ്ടങ്ങളുടെ കൂമ്പാരമായി തീർന്നു.[15]

പുരാതന ബാബിലോൻ വീണതുപോലെ തന്നെ, വെളിപ്പാടിലെ ബാബിലോൻ - റോം - വീഴും എന്ന പ്രഖ്യാപനമാണ് വാക്യം 2-ൽ ആദ്യ ക്രിസ്ത്യാനികളോട് പ്രഖ്യാപിച്ചത്.

*എന്തു*കൊണ്ടാണ് റോം നാശത്തിനിരയാക്കിയത് എന്ന് വാക്യം 3 നമ്മെ ഓർപ്പിക്കുന്നു. പരിചയമുള്ള വാക്കുകളുമായാണ് ദൂതൻ തുടങ്ങുന്നത്: "അവളുടെ വേശ്യാവൃത്തിയുടെ ക്രോധമദ്യം[16] സകലജാതികളും കുടിച്ചു. ഭൂമിയിലെ രാജാക്കന്മാർ അവളോട് വേശ്യാസംഗം ചെയ്യുകയും ചെയ്തു" (വാ. 3; 14:8; 17:2 നോക്കുക). റോമിന്റെ അഭക്തസ്വാധീനത്തെയാണ് ഇത് സൂചിപ്പിക്കുന്നത്, പ്രത്യേകിച്ച് ചക്രവർത്തിയാരാധന.

ദൂതൻ പിന്നീട് ഒരു പുതിയ ചിന്ത നൽകി: "ഭൂമിയിലെ വ്യാപാരികൾ അവളുടെ പുളെപ്പിന്റെ ആധിക്യത്താൽ സമ്പന്നരാകുകയും[17] ചെയ്തു" (വാ. 3). എന്തുകൊണ്ടാണ് ആളുകൾ റോമിനാൽ വഴിതെറ്റിക്കപ്പെട്ടു എന്നതിന് ദൈവശ്വാസിയ വിശദീകരണമായി ആദ്യമായി "വ്യാപാരികളെ" പറയുന്നത് (വാ. 15, 23). "റോം ലോകത്തിന് സമാധാനവും ഭദ്രതയും നൽകിയിരുന്നു, അതുകൊണ്ട്, വിപുലമായ വ്യാപാരം നടത്തി സമൃദ്ധിയിലേക്ക് ഉയർന്നു"[18] വ്യാപാരികൾ റോമുമായി അഭക്ത കൂട്ടുകെട്ടുണ്ടാക്കി, അവരുടെ ബാങ്ക് എക്കൗണ്ടുകൾ സമ്പന്നമാക്കി. പൗലൊസ് പറഞ്ഞതുപോലെ, "ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമല്ലൊ" (1 തിമൊഥെയൊസ് 6:10).

**അപേക്ഷ (വാ. 4, 5)**

യോഹന്നാൻ പിന്നെ "സ്വർഗ്ഗത്തിൽ മറ്റൊരു ശബ്ദം കേട്ടു" (വാ. 4). ആ ശബ്ദം ദൈവത്തിനു വേണ്ടി[19] സംസാരിച്ചു, അതിൽ രണ്ട് സന്ദേശങ്ങൾ ഉണ്ടായിരുന്നു. ഒന്ന് ദൈവജനത്തിനുള്ളതായിരുന്നു: "എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും, അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിക്കുവാൻ, അവളെ വിട്ടുപോരുവിൻ; കാരണം അവളുടെ പാപങ്ങൾ ആകാശത്തോളം കുന്നിച്ചിരിക്കുന്നു, അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ട്" (വാ. 4, 5). തന്റെ ജനം എപ്പോഴും വേർപെട്ട് പ്രത്യേകമായി കഴിയുവാനാണ് കർത്താവ് ആവശ്യപ്പെടുന്നത് (2 കൊരിന്ത്യർ 6:17 നോക്കുക.)

**അധികാരപ്പെടുത്തൽ (വാ. 6-9)**

ദൈവത്തിനു വേണ്ടി പ്രതികാരം ചെയ്യുന്ന ഏജന്റുകൾക്കായിരുന്നു രണ്ടാമത്തെ സന്ദേശം.[20] "അവൾ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങൾ അവൾക്ക് പകരം ചെയ്വിൻ, അവളുടെ പ്രവൃത്തിക്ക് തക്കവണ്ണം അവൾക്ക് ഇരട്ടിച്ചു കൊടുപ്പിൻ; അവൾ കലക്കിത്തന്ന[21] പാനപാത്രത്തിൽ അവൾക്ക് ഇരട്ടി കലക്കി കൊടുപ്പിൻ" (വാ. 6). "അവൾക്ക് ഇരട്ടി കൊടുപ്പിൻ" "ഇരട്ടി കലക്കിക്കൊടുപ്പിൻ" എന്ന പ്രയോഗം അർത്ഥമാക്കുന്നത്, റോം ചെയ്തതിന്റെ ഇരട്ടിയായി പകരം വേദന അവൾക്ക് കൊടുക്കണമെന്നായിരുന്നു. കൊയ്ത്തും വിതയും എന്ന തത്വത്തിൽ വിതെക്കുന്നതിനേക്കാൾ കൊയ്യും - റോമിന് എന്തു കിട്ടിയോ അതിന് അവൾ യോഗ്യയായിരുന്നു. എൽ. ടി. വെക്കിത്ത് ചൂണ്ടിക്കാണിച്ചു, "എങ്ങനെയായാലും, അവൾക്ക്, ഇരട്ടിയായി കൊടുത്തത്" സുചിപ്പിക്കുന്നത് "ശരിയായ പകരം വീട്ടൽ പ്രകടനമാണ്".[22] (യിരെമ്യാവ് 16:18; 17:18.) അടുത്ത വാക്യം പറയുന്നു, "അവൾ തന്നെത്താൻ മഹത്വപ്പെടു

ത്തി, *പുളെച്ചേടത്തോളം* അവൾക്ക് പീഢയും ദുഃഖവും കൊടുപ്പിൻ" (വാ. 7; എംഫസിസ് മൈൻ).[23] വാക്യം 6 ലെ വാക്കുകൾ സൂചിപ്പിക്കുന്നത്, റോം കൊടുത്തതിന് തക്കവണ്ണം അവൾക്ക് ലഭിച്ചപ്പോൾ തുലാസ് സമമായി തീർന്നു (മത്തായി 7:2 നോക്കുക).

''പീഢയും ദുഃഖവും'' റോമിന് ലഭിക്കുവാൻ കാരണമെന്തായിരുന്നു?കാരണം "അവൾ തന്നെത്താൻ മഹത്വപ്പെടുത്തുകയും പുളെച്ച് ജീവിക്കയും ചെയ്തു" - കാരണം അവൾ തന്റെ ഹൃദയത്തിൽ പറഞ്ഞു, "ഞാൻ രാജ്ഞിയായിരിക്കുന്നു, ഞാൻ വിധവയല്ല, ദുഃഖം കാണുകയുമില്ല" (വാ. 7). അഹങ്കാരം നിറഞ്ഞ്, ദൈവത്തിന്റെ ആവശ്യമില്ല എന്ന് അവൾ വിചാരിച്ചു. "അക്കാരണത്താൽ," ദൂതൻ പറഞ്ഞു, "മരണം,[24] ദുഃഖം, ക്ഷാമം എന്നീ ബാധകൾ ഒരു ദിവസം തന്നെ അവളിൽ വരും, അവളെ തീയിലിട്ടു ചുട്ടുകളയും" (വാ. 8).

"ഒരു ദിവസം" എന്ന പ്രയോഗം "ഇരുപത്തി-നാല് മണിക്കുർ സമയം" എന്നു വിചാരിക്കരുത്. ഈ അദ്ധ്യായത്തിൽ "ഒരു ദിവസം" എന്നത് "ഒരു നാഴിക" ആയും ഉപയോഗിച്ചിട്ടുണ്ട് (വാക്യം 8 ഉം 10 മായും താരതമ്യം ചെയ്യുക). രണ്ടും റോമിന് *പെട്ടെന്ന്* തകർച്ച സംഭവിക്കുമെന്നാണ് അർത്ഥമാക്കുന്നത്. [25]

വെളിപ്പാട് എഴുതുന്ന സമയത്ത്, റോം സ്പഷ്ടമായും വഴങ്ങാത്ത അവസ്ഥയിലായിരുന്നു എന്നോർക്കുക, നമുക്ക് ചോദിക്കാം, "അതെങ്ങനെ സാധ്യമാണ്" ദൂതന്റെ വാക്കിൽ അതിന് ഉത്തരമുണ്ട്. വാക്യം 8 പറയുന്നു, "അവളെ ന്യായം വിധിച്ച കർത്താവ് ശക്തനല്ലൊ." മൂലഭാഷയിൽ, "ശക്തൻ" എന്ന വാക്ക് ഊന്നൽ നൽകുന്നതിന് ആദ്യമാണ് വന്നിരിക്കുന്നത്: "ദൈവമായ കർത്താവ് ശക്തനാകയാൽ, അവളെ ന്യായവിധി നടത്തുന്നു." റോമിന് ശക്തി ഉണ്ടായിരുന്നേക്കാം (വാ. 10), എന്നാൽ ദൈവം അതിശക്തനാണ്.

## ഇരുട്ടിനെ മറച്ചുപിടിക്കുവാൻ സാധ്യമല്ല (18:9-19)

ദൈവം പ്രകാശം അണക്കുമ്പോൾ, ഇരുട്ടിനെ മറെക്കുവാൻ സാധ്യമല്ല.

നമ്മുടെ വേദഭാഗത്തിന്റെ ആദ്യം, "റോമിനെ തീയിൽ ചുട്ടുകളയും" എന്ന് ദൂതൻ പറയുകയുണ്ടായി (വാ. 8; കൂടാതെ 17:16 നോക്കുക). രണ്ടാമത്തെ ഭാഗത്ത്, വാക്യങ്ങൾ 9 മുതൽ 19 വരെ, മൂന്നു സംഘങ്ങൾ പുകയുടേയും തീയുടേയും പുറകിൽനിന്ന് റോമിന്റെ നാശത്തെ ചൊല്ലി വിലപിക്കുന്ന അലങ്കാരം ആവർത്തിച്ചിരിക്കുന്നു.[26] (ഈ പാഠത്തിന്റെ അവസാനം വരുന്ന "മഹതിയാം ബാബിലോൻ വീണുപോയി" എന്ന ചിത്രീകരണം നോക്കുക.)

### ആധിപത്യങ്ങൾ (വാ. 9, 10)

ആദ്യം, നമുക്ക് സാമ്രാജ്യത്തിലെ കുടിയാന്മാരായ രാജാക്കന്മാരുടേയും ഭരണാധികാരികളുടേയും വിലാപങ്ങൾ നോക്കാം:

> അവളോടുകൂടെ വേശ്യാസംഗം ചെയ്തു പുളെച്ചിരിക്കുന്ന ഭൂരാജാക്കന്മാർ അവളുടെ പീഡനിമിത്തം ഭയപ്പെട്ടു ദൂരത്തുനിന്നുകൊണ്ട് അവളുടെ ദഹനത്തിന്റെ പുക കാണുമ്പോൾ, അവളെച്ചൊല്ലി കരഞ്ഞും മാറത്തടിച്ചുംകൊണ്ട്, "അയ്യോ, അയ്യോ,[27] മഹാനഗരമായ ബാബിലോനേ, ബലമേറിയ പട്ടണമേ, ഒരു മണിക്കുറുകൊണ്ട് നിന്റെ ന്യായവിധി[28]

വന്നല്ലോ എന്നു പറയും" (വാ. 9, 10).

17:2-ൽ പറഞ്ഞ രാജാക്കന്മാരാണ് ഇവർ, ഒരുപക്ഷെ റോമിന്റെ നാശത്തിൽ (17:12) പങ്കുകാരായിരുന്ന ആ പത്തു രാജാക്കന്മാരായിരിക്കാം (17:16). (ഒരു മനുഷ്യൻ പാപം ചെയ്തിട്ട്, അതിന്റെ അനന്തരഫലങ്ങൾ അനുഭവിക്കുമ്പോൾ ദുഃഖിക്കുന്നത് സ്വാഭാവികമാണ്; 2 കൊരിന്ത്യർ 7:10). "കരഞ്ഞും" "ദുഃഖിച്ചും" എന്നു പറഞ്ഞിരിക്കുന്നത് നിശബ്ദമായ ദുഃഖത്തെ കുറിച്ചല്ല. മറിച്ച് ആ രാജാക്കന്മാർ മാറത്തടിച്ച് ഉറക്കെ കരഞ്ഞു.

കരഞ്ഞവർ തങ്ങളുടെ നഷ്ടങ്ങളെ ഓർത്തല്ലാതെ റോമിനുവേണ്ടി അധികം കരഞ്ഞില്ല. തങ്ങളുടെ അധീനതയിലായിരുന്ന അധികാരശക്തി പോയതുകൊണ്ടാണ് ഉപ-ഭരണാധികാരികൾ കരഞ്ഞത്. "റോം തകർന്ന സമയത്ത്, ലോകം മുഴുവൻ കലക്കത്തിലും, പരിഭ്രാന്തിയിലും ആയിരുന്നു"[29] എന്ന് റബൽ ഷെല്ലി പറഞ്ഞു.

രാജാക്കന്മാരെ കുറിച്ച് ഒരു വിശദാംശം പ്രത്യേകമായി പറയുന്നു: അവർ കരഞ്ഞപ്പോൾ "ദൂരെയാണ് നിന്നിരുന്നത്." അവളെ രക്ഷിക്കുവാൻ അവർ ഓടി പോയില്ല; തീ അണെക്കുവാൻ അവർ വെള്ളം ഒഴിച്ചില്ല; അവരുടെ മേലങ്കി അഴിച്ച് തീ അണെക്കുവാൻ ശ്രമിച്ചില്ല. പകരം, അവർ "ദൂരെ മാറി നിന്നു." "സ്വാർത്ഥതക്കായി ജീവിക്കുന്നവർ അങ്ങനെ തന്നെ മരിക്കും."

### വ്യാപാരികൾ (വാ. 11-17)

"അവൾ നിമിത്തം ധനികരായ വ്യാപാരികളെയാണ്" അടുത്തതായി പറഞ്ഞിരിക്കുന്നത് (വാ. 15). അവർ "ചരക്ക് ഇനി ആരും വാങ്ങായ്കയാൽ അവളെച്ചൊല്ലി കരഞ്ഞു ദുഃഖിക്കുന്നു" (വാ. 11). അവരുടെ വ്യവസായ പങ്കാളി തകർന്നുപോയി, അവർ സാമ്പത്തിക തകർച്ച നേരിട്ടു. തങ്ങളുടെ ചരക്കുകൾ[30] ഇനി എന്തു ചെയ്യുമെന്നോർത്ത് ഓസ്റ്റിയയുടെ അതിരിൽ വന്നു വ്യാപാരികൾ പുക ഉയരുന്ന റോമിലേക്ക് നോക്കി അലമുറയിടുന്നതു എനിക്ക് ഊഹിക്കാം.

വ്യാപാരത്തിന്-പറ്റിയ ചരക്കുകളുടെ വിവരണം 12 ഉം 13 ഉം വാക്യങ്ങളിൽ അടങ്ങിയിരിക്കുന്നു:

> ... പൊന്ന്, വെള്ളി, രത്നം, മുത്ത്, നേരിയ തുണി, ധൂമ്രവസ്ത്രം, പട്ട്, കടുഞ്ചുവപ്പ്, ചന്ദനത്തരങ്ങൾ, ആനക്കൊമ്പുകൊണ്ടുള്ള സകലവിധസാമാനങ്ങൾ, വിലയേറിയ മരവും പിച്ചളയും, ഇരിമ്പും മർമ്മരക്കല്ലുകൊണ്ടുള്ള ഓരോ സാമാനം, ലവംഗം, ഏലം, ധൂപവർഗം, മൂറു, കുന്തുരുക്കം, വീഞ്ഞ്, എണ്ണ, നേരിയ മാവ്, കോതമ്പ്, കന്നുകാലി, ആട്, കുതിര, രഥം, മാനുഷദേഹം, മാനുഷപ്രാണൻ.

മുകളിൽ പറഞ്ഞവയിൽ ഏഴ് തരം വസ്തുക്കളാണുള്ളത്: (1) വിലയേറിയ ലോഹങ്ങളും കല്ലുകളും, (2) മനോഹര വസ്ത്രം, (3) വിലയേറിയ മരം, (4) വിലകൂടിയ സുഗന്ധദ്രവ്യങ്ങൾ, (5) അസാധാരണ ഭക്ഷണപദാർത്ഥം, (6) വിലയേറിയ വസ്തു, (7) മനുഷ്യജംഗമസ്വത്ത്. സാഹിത്യകൃതികളിലെല്ലാം കാണപ്പെടുന്ന "കച്ചവടസംസ്ക്കാരത്തെയാണ് ഇത് വരച്ചുകാണിച്ചിരിക്കുന്നത്" എന്നാണ്[31] ഫ്രാങ്ക് പാക്ക് പറഞ്ഞത്.

രാജാക്കന്മാരെ പോലെ, വ്യാപാരികളും "ദൂരെയാണ് നിന്നത്." രാജാ

ക്കന്മാരെ പോലെ അവളുടെ ദണ്ഡനം കണ്ട് ഭയന്നിട്ടാണ് അവർ അങ്ങനെ നിന്നത് - അവളോടടുത്തു ചെന്നാൽ അവളുടെ ന്യായവിധിയിൽ അവരും പങ്കുകാരാകും എന്ന് അവർ ഭയപ്പെട്ടിരിക്കാം. ദൂരെ മാറിനിന്ന്, അവർ കരഞ്ഞു, "അയ്യോ, അയ്യോ, മഹാനഗരമേ, നേരിയ തുണിയും ധൂമ്രവസ്ത്രവും കടുഞ്ചുവപ്പും ധരിച്ച്, പൊന്നും മുത്തും രത്നവും അണിഞ്ഞവളേ, ഇത്ര വലിയ സമ്പത്ത് ഒരു മണിക്കൂറു കൊണ്ട് നശിച്ചുപോയല്ലോ എന്നു പറഞ്ഞു കരഞ്ഞു!" (വാ. 16, 17). രാജാക്കന്മാർക്ക് അധികാരം നഷ്ടപ്പെട്ടതിനെ കുറിച്ചുള്ള വിചാരമായിരുന്നുവെങ്കിൽ, വ്യാപാരികൾക്ക് അവരുടെ ലാഭം പോയതിലുള്ള വിഷമമായിരുന്നു.

**കടൽജോലിക്കാർ (വാ. 17-19)**

മൂന്നാമത്തെ കൂട്ടരുടെ വിഷമം അവരുടെ *സ്ഥാന*നഷ്ടത്തെ കുറിച്ച് ഓർത്തിട്ടായിരുന്നു; റോമിന്റെ പതനം അവരുടെ തൊഴിൽ നഷ്ടമാക്കി: "ഏതു മാലുമിയും[32] ഓരോ ദിക്കിലേക്ക് കപ്പൽ കയറി പോകുന്ന[33] ഏവനും, കപ്പൽക്കാരും കടലിൽ തൊഴിൽ ചെയ്യുന്നവരൊക്കെയും ദൂരത്ത് നിന്ന്, അവളുടെ ദഹനത്തിന്റെ പുക കണ്ട്, മഹാനഗരത്തോട് തുല്യമായ നഗരം ഏതു എന്നു നിലവിളിച്ചു പറഞ്ഞു" (വാ. 17). "കടലിൽ തൊഴിൽ ചെയ്യുന്നവരിൽ" കപ്പൽ പണിയുന്നവരും, മുക്കുവരും, മുത്ത് മുങ്ങിയെടുക്കുന്നവരും, മറ്റും ഉൾപ്പെടും.

> [ആ ആളുകൾ] അവളുടെ ദഹനത്തിന്റെ പുക കണ്ട്, നിലവിളിച്ച് പറഞ്ഞു, "ഈ മഹാനഗരത്തോട് തുല്യം ആയ നഗരം ഏത്?"[34] അവർ തലയിൽ[35] പൂഴി വാരിയിടുകയും, "അയ്യോ, അയ്യോ, കടലിൽ കപ്പലുള്ളവർക്ക് എല്ലാം തന്റെ ഐശ്വര്യത്താൽ സമ്പത്ത് വർദ്ധിപ്പിച്ച മഹാനഗരം ഒരു മണിക്കൂറുകൊണ്ട് നശിച്ചുപോയല്ലോ!" (വാ. 18, 19).

റോമുമായി സഹകരിച്ച് ലാഭമുണ്ടാക്കിയവരായിരുന്നു ആ മൂന്നു കൂട്ടരെ പ്രതിനിധീകരിച്ചവരും - അടിസ്ഥാനപരമായി ക്രിസ്ത്യാനികളൊഴിച്ച് മറ്റെല്ലാവരും അതിൽ പെടും (13:15, 16). റോം വീഴുമ്പോൾ, അത് ലോകം മുഴുവൻ അറിയും.

## പ്രകാശം എന്നേക്കും അണെക്കും (18:20-24)

അവസാനം, ദൈവം പ്രകാശം അണെക്കുമ്പോൾ, അത് എന്നേക്കുമായിരിക്കും.

**ആനന്ദിക്കും (വാ. 20)**

കടൽത്തൊഴിലാളികൾ കരഞ്ഞപ്പോൾ, തിരിച്ചറിയാൻ പറ്റാത്ത ഒരു ശബ്ദം[36] സംസാരിച്ചു, "വിശുദ്ധന്മാരും, അപ്പൊസ്തലന്മാരും, പ്രവാചകന്മാരുമായുള്ളോരേ, ദൈവം അവളോട് നിങ്ങൾക്ക് വേണ്ടി പ്രതികാരം നടത്തിയതുകൊണ്ട്, ആനന്ദിപ്പിൻ" (വാ. 20). തങ്ങളുടെ വിശ്വാസത്തിനുവേണ്ടി മരിച്ച ക്രിസ്ത്യാനികളെ ഉദ്ദേശിച്ച് പറഞ്ഞതാണ്, "വിശുദ്ധന്മാരും," "അപ്പൊസ്തലന്മാരും," "പ്രവാചകന്മാരും" എന്ന വാക്കുകൾ. (ദൈവശ്വാസിയമല്ലാത്ത പാ

രമ്പര്യമനുസരിച്ച്, വെളിപ്പാട് എഴുതിയപ്പോൾ യോഹന്നാൻ ഒഴിച്ച് മറ്റെല്ലാ അപ്പോസ്തലന്മാരും മരിച്ചു പോയിരുന്നു). രക്തസാക്ഷികളുടെ "എത്ര ത്തോളം?" എന്ന നിലവിളിക്കുള്ള അവസാന ഉത്തരമായിരുന്നു അത് (6:9-11).

കീഴ്ക്കോടതി (റോം) യുടെ വിധിയെ പരമോന്നത കോടതി (ദൈവം) നേർവിപരീതമാക്കിയ ആശയം തർജിമ ചെയ്തിരിക്കുന്ന "നിങ്ങൾക്ക് വേണ്ടി അവളോടുള്ള ന്യായവിധി" എന്നത് മൂല ഭാഷയിൽ മനസിലാക്കുവാൻ പ്രയാസമാണ്. ക്രിസ്ത്യാനികൾക്കെതിരായ റോമിന്റെ ന്യായവിധി ഇപ്പോൾ റോമിനു നേരെ തിരിഞ്ഞു.[37]

**നാശം (വാ. 21-23)**

റോമിനെതിരായ ദൈവത്തിന്റെ ന്യായവിധി അന്ന് ഒരു ആലങ്കാരിക പ്രവൃത്തിയായിരുന്നു: "പിന്നെ ശക്തനായ[38] ദൂതൻ തിരികല്ലോളം വലുതായ ഒരു കല്ല് എടുത്ത് സമുദ്രത്തിൽ എറിഞ്ഞു" (വാ. 21), "ഒരു വലിയ തിരിക്കല്ല്" എന്നത് മൃഗങ്ങളാൽ വലിക്കുന്ന വലിയ കല്ലാണ്. ടണ്ണുകൾ ഭാരമുള്ള അത്തരം ഒരു കല്ല് എടുത്ത് എറിയണമെങ്കിൽ ശക്തി വേണം! നിയോഗിക്കപ്പെട്ട ദൂതൻ അത് "സമുദ്രത്തിൽ എറിഞ്ഞു[39] പറഞ്ഞതു, 'ഇങ്ങനെ ബാബിലോൻ മഹാനഗരത്തെ ഹേമത്തോടെ എറിഞ്ഞുകളയും, ഇനി അതിനെ കാണുകയില്ല'" (വാ. 21).

ചലിക്കുന്ന രംഗമായിരുന്നു അത്. (ഈ പാഠത്തിന്റെ അവസാനം കാണുന്ന "ദൂതൻ കല്ല് എടുക്കുന്നു" എന്ന ചിത്രീകരണം നോക്കുക.) ദൂതൻ കല്ല് എടുക്കുമ്പോൾ, അവന്റെ വലിയ പേശികൾ അലതല്ലുന്നു. വലിയ കല്ല് വായുവിൽകൂടെ പോകുമ്പോൾ വലിയ ധ്വനി മുഴക്കിസമുദ്രത്തിൽ വീഴുമ്പോൾ വെള്ളം തെറിപ്പിക്കുന്നു.

> [കല്ല് ഒന്നു ഊഹിച്ചുനോക്കുക], നിശബ്ദമായി താഴേക്ക്, നിത്യ വിസ്മൃതിയിലേക്കെന്നവണ്ണം തിരിച്ചെടുക്കാൻ പറ്റാത്ത നിലയിൽ എറിയുന്നു, നിത്യമായ തണുപ്പ്. തണുത്ത രക്തമുള്ള മൽസ്യങ്ങൾ സമുദ്രത്തിൽ ചുറ്റും കളിക്കുകയാവാം, ഇരുണ്ട സസ്യങ്ങൾ ആഴത്തിൽ മങ്ങിയ-വെളിച്ചത്തിൽ വളർന്നുകൊണ്ടിരിക്കുകയാവാം, അപ്പോഴാണ് ആ കല്ല് വേഗത്തിൽ വന്ന് പതിക്കുന്നത്; ഒരു മനുഷ്യനും ഇനി അത് ഒരിക്കലും കാണുകയില്ല.[40]

വിതാനത്തിൽ, കല്ലിന്റെ വീഴ്ച്ചയുടെ ആഘാതം നിലച്ചു, അതിനുശേഷം കല്ല് അവിടെ ഉണ്ടാകാതിരുന്ന വിധത്തിൽ സമുദ്രം ശാന്തമായി. ആ വിധത്തിൽ പുറകോട്ടെടുക്കുവാൻ പറ്റാത്തതായിരുന്നു റോമിന്റെ വീഴ്ച്ച. ആവേശംകൊള്ളിക്കുന്നവർ വിസ്തൃതമായ "പുനരുദ്ധരിച്ച റോമാ സാമ്രാജ്യത്തെ" കുറിച്ചു പറയുവാനാഗ്രഹിക്കുന്നു, പക്ഷെ വെളിപ്പാട് അത്തരം ആശയം നൽകുന്നില്ല. ലോകശക്തിയായിരുന്ന റോമിന്റെ പതനം പൂർണ്ണമായിരുന്നു.

വാക്യം 21 ലെ പോയിന്റ് നഷ്ടമാക്കാതെ, ഇനിയും അഞ്ചു പ്രാവശ്യം കൂടെ[41] ഉപയോഗിച്ചിരിക്കുന്ന "ഇനി ... ഇല്ല" എന്നത് 22 ലും 23 ലും ഉള്ളത് നാം കാണാതെ പോകരുത്. ഇംഗ്ലീഷിനേക്കാൾ ശക്തമാണ് ഗ്രീക്ക്, അതിൽ ഇരട്ട നിഷേധമായ (ഔ മി) *എറ്റി* (അത് തർജിമ ചെയ്തിരിക്കുന്നത് "എനി ലോങ്ങർ") അത് ഗ്രീക്കിൽ "ഒരിക്കലും, ഒരിക്കലും, ഒരിക്കലും!" എന്നു പ

റയുന്നതാണ്.ഇന്ന് ആപത്ത് വരുമ്പോൾ, നാം നമ്മെ ആശ്വസിപ്പിച്ച് പറയും, “അതെല്ലാം ശരിയാകും.” എങ്ങനെയായാലും, റോമിനെ സംബന്ധിച്ച്, ആ സാഹചര്യം ഒരിക്കലും ശരിയാവുകയില്ല എന്നാണ് നമ്മുടെ വേദഭാഗം പറയുന്നത്. അവൾ വീണപ്പോൾ, അത് *എന്നേക്കുമുള്ള* വീഴ്ച്ചയായിരുന്നു.

റോമിൽ മധുരഗാനം ഇനി കേൾക്കുകയില്ല: “വൈണികന്മാർ, വാദ്യക്കാർ,[42] കുഴലൂത്തുകാർ, കാഹളക്കാർ എന്നിവരുടെ സ്വരം നിന്നിൽ ഇനി കേൾക്കയില്ല” (വാ. 22). മനുഷ്യരുടെ മൂളിപ്പാട്ടും ഇനി അവിടെ കേൾക്കയില്ല: “കൗശലപ്പണി ചെയ്യുന്ന ഒരു ശിൽപിയും ഇനി നിന്നിൽ കാണുകയില്ല; തിരികല്ലിന്റെ ഒച്ച നിന്നിൽ കേൾക്കുകയില്ല” (വാ. 22). റോമിലെ വീടുകളും വീഥികളും ഇനി എന്നേക്കും ഇരുണ്ടിരിക്കും: “വിളക്കിന്റെ വെളിച്ചം ഇനി നിന്നിൽ പ്രകാശിക്കയില്ല” (വാ. 23).[43] ആഹ്ലാദ ശബ്ദം ഇനി എന്നേക്കും നിശബ്ദമാകും: “മണവാളന്റേയും മണവാട്ടിയുടേയും സ്വരം ഇനി നിന്നിൽ കേൾക്കയില്ല” (വാ. 23). ഇരുട്ടും നിശബ്ദതയും വാഴും – നിത്യനിശബ്ദതയും നിത്യമായ ഇരുട്ടും.[44]

**കാരണങ്ങൾ (വാ. 23, 24)**

എന്തുകൊണ്ടാണ് റോമിനെ ആപത്തിന് വിധേയമാക്കിയതെന്ന കാരണം ദൂതൻ വിശദമാക്കുന്നു. ആദ്യം, അവൻ പറഞ്ഞു, “നിന്റെ വ്യാപാരികൾ ഭൂമിയിലെ മഹത്തുക്കൾ ആയിരുന്നു” (വാ. 23). മാഹാത്മ്യം മാത്രം എടുത്താൽ അതു പാപമല്ല. ആകയാൽ ആ വാചകം മനസിലാക്കുവാൻ അദ്ധ്യായം മുഴുവൻ നോക്കണം: റോമിലെ വ്യാപാരികൾ മറ്റുള്ളവരെ കുറിച്ചു വിചാരപ്പെടാതെ “മഹത്തുക്കളായി,” പണത്തിനു വേണ്ടി അവരെന്തും ചെയ്യുമായിരുന്നു. രണ്ടാമത്, റോം വീഴുവാനുള്ള കാരണം, “സകല ദേശവും [അവളുടെ] ആഭിചാരത്താൽ വഞ്ചിക്കപ്പെട്ടു” (വാ. 23); ചക്രവർത്തിയാരാധനക്കായി സകലജാതികളെയും റോം വഴി തെറ്റിച്ചു. മൂന്നാമത്തേതും പ്രധാനപ്പെട്ടതുമായ കാരണം എന്നേക്കുമായി വെച്ചു: “പ്രവാചകന്മാരുടേയും വിശുദ്ധന്മാരുടേയും ഭൂമിയിൽവെച്ചു കൊന്നുകളഞ്ഞ എല്ലാവരുടേയും രക്തം നിന്നിൽ അല്ലോ കണ്ടത്” (വ. 24). നിരപരാധികളുടേയും ഭക്തരുടേയും രക്തം റോമിന്റെ വീഥികളിൽ ഒഴുകിയിരുന്നു. ഇപ്പോൾ അവൾ അതിന്റെ അനന്തരഫലങ്ങൾ അനുഭവിക്കുന്നു.

**ഉപസംഹാരം**

ഞാൻ അവസാനിപ്പിക്കുമ്പോൾ, അദ്ധ്യായം 18-ൽ ദൈവത്തിന്റെ ഉദ്ദേശം, റോം *എങ്ങനെ*യായിരിക്കും കൃത്യമായി വീഴുക എന്നോ, വീണുകഴിഞ്ഞാൽ റോം എങ്ങനെയായിരിക്കുമെന്നോ വിശദമാക്കുകയല്ല. അദ്ധ്യായത്തിന്റെ ആദ്യവും അവസാനവും ഉപേക്ഷിക്കപ്പെട്ട നഗരം വന്യജീവികളുടെ വിഹാരകേന്ദ്രമായി, എന്നാൽ മറ്റൊരുഭാഗത്ത് അവൾ കത്തുന്നതായി പറഞ്ഞിരിക്കുന്നു (18:9, 18). അടുത്ത അദ്ധ്യായത്തിൽ, “അവളുടെ പുക എന്നെന്നേക്കും പൊങ്ങുന്നു” എന്നു പറയുന്നു (19:3). കത്തുന്ന സ്ഥലത്ത് വന്യമൃഗങ്ങൾക്ക് വസിപ്പാൻ സാധ്യമല്ല. വിവരണങ്ങൾ നാം അക്ഷരികമായിട്ടല്ല, ആലങ്കാരികമായി എടുക്കണം.

പുരാതന ബാബിലോനെ കുറിച്ചുള്ള പ്രവചനങ്ങൾ എങ്ങനെ അക്ഷരികമായി നിറവേറി എന്ന് ഞാൻ പറയുകയുണ്ടായി, ആ പ്രവചനങ്ങളിലും കൂടു

തൽ ശ്രദ്ധിച്ചത് വിശദാംശങ്ങളിലല്ല, അവളുടെ *വീഴ്ച്ച*യിലാണ്. മേദ്യരും - പാർസികളും പിടിച്ചടക്കിയപ്പോൾ ബാബിലോൻ വീണുപോയി, എന്നാൽ വർഷങ്ങളോളം അവൾ മനോഹരമായിത്തന്നെ തുടർന്നിരുന്നു. ഇരുന്നൂറു വർഷങ്ങൾക്ക് ശേഷം, മഹാനായ അലക്സാണ്ടർ ബാബിലോനെ "വീട്ടിൽനിന്നു ദൂരെയുള്ള വീടാക്കി മാറ്റി"; അവിടെ വെച്ചായിരുന്നു അവൻ മരിച്ചത്. യെശയ്യാവും മറ്റും ബാബിലോന്റെ അന്തിമ വിധിയെ വിവരിക്കുവാൻ ഉപയോഗിച്ച അലങ്കാരവിവരണങ്ങൾ പറയുന്നത്, ആ സാർവ്വലൗകിക ശക്തിയുടെ നാളുകൾ എണ്ണപ്പെട്ടു എന്നാണ്.

അതുപോലെ, അദ്ധ്യായം 18 ലെ വിലാപരംഗങ്ങൾ, റോമിന്റെ വീഴ്ച്ചയുടെ ചിത്രങ്ങളാണെന്ന് ധരിക്കരുത്. ഇന്ന്, റോമാനഗരം നിലവിലുണ്ട്, അത് ഇറ്റലിയുടെ തലസ്ഥാനമാണ്. എങ്ങനെയായാലും, മെത്രൊപൊളിറ്റന്റെ കേന്ദ്രത്തിൽ, പുരാതന റോമാ ചന്തസ്ഥലത്തിന്റെ നിശബ്ദമായ അവശിഷ്ടങ്ങൾ കാണാം, പുരാതന ചരിത്രത്തിൽ താൽപര്യമുള്ളവർക്ക് സന്ദർശിക്കാം - ആപത്ത് വരുന്നു എന്ന് ദൈവം പറയുമ്പോൾ, അതു സംഭവിക്കുമെന്ന് നിങ്ങൾക്ക് ഉറപ്പിക്കാം!

അക്ഷരികമായി റോമിന് എന്തു സംഭവിച്ചു എന്ന് ചിലർ സംശയിച്ചേക്കാം.

> ദൈവത്തിന്റെ പല ന്യായവിധികളെയും പോലെ, നിറവേറൽ വാസ്തവത്തിൽ മന്ദമായി തുടങ്ങുകയും അവസാനം പെട്ടെന്ന് സംഭവിക്കുകയും ചെയ്തു. റോം നൂറ്റാണ്ടുകളോളം, തരംതാഴുകയും, നശിക്കുകയും ചെയ്തുകൊണ്ടിരുന്നു, ധാർമ്മിക വിഷം അവളുടെ ജീവിതത്തെ മുഴുവൻ വ്യാപിച്ചു. പിന്നെ ഏ. ഡി. 410 ആഗസ്റ്റിലെ ഒരാഴ്ച്ച, അലാരിക് തന്റെ വടക്കൻ അപരിഷ്കൃതകവർച്ചാസംഘവുമായി വന്ന് റോമിനെ കൊള്ളയിട്ട് ശൂന്യമാക്കി.[45]
>
> 455-ൽ, അക്രമികൾ രണ്ടാഴ്ച്ച നഗരം കൊള്ളയിട്ടു. 476-ൽ, ജെർമ്മൻ മുഖ്യനായ ഒഡാസർ അവസാനത്തെ ചക്രവർത്തിയായി സാമ്രാജ്യത്തിന്റെ ശവപ്പെട്ടി അടെച്ച് ആണിയടിച്ചു.[46]

റോം വീഴുമെന്ന് ദൈവം പറഞ്ഞു - അങ്ങനെ തന്നെ സംഭവിച്ചു.

വെളിപ്പാട് 18 ലെ മുന്നറിയിപ്പ് റോമിനെ മാത്രം ഉദ്ദേശിച്ചുള്ളതല്ല, കർത്താവിനെ എതിർക്കുന്ന *എല്ലാ*വർക്കും ഉള്ളതാണ്: അദ്ധ്യായം *എല്ലാ ദേശക്കാർ*ക്കുമുള്ള മുന്നറിയിപ്പാണ്.[47] ബന്ധപ്പെട്ട ഓരോ പൗരനും ചോദിക്കണം, "നമ്മുടെ 'പാപ കൂമ്പാരം' സ്വർഗത്തിൽ എത്തുന്നതിന് മുമ്പ് എത്രത്തോളം?" ബൈബിൾ പറയുന്നു, "നീതി ജാതിയെ ഉയർത്തുന്നു, പാപമോ വംശങ്ങൾക്ക് അപമാനം" (സദൃശവാക്യങ്ങൾ 14:34). പട്ടണങ്ങൾക്കും, അയൽക്കാർക്കും, സമൂഹങ്ങൾക്കും, മനുഷ്യ തത്വശാസ്ത്രകേന്ദ്രങ്ങൾക്കും - ദൈവത്തെ കൂടാതെ ജീവിക്കാമെന്ന് കരുതുന്ന *ഏതൊരാൾക്കും എല്ലാവർക്കും* ഉള്ള മുന്നറിയിപ്പാണ് അത്.

അദ്ധ്യായം 18 നമുക്ക് ഉപകാരപ്രദമാകണമെങ്കിൽ, *നമുക്ക്* തന്നെ പ്രായോഗികത വരുത്തണം: ദൈവം നമ്മെ തുലാസിൽ തൂക്കി നോക്കുമ്പോൾ, കുറവ് കാണുവാൻ സാധ്യതയില്ലേ?

നാം ദൈവത്തിലേക്ക് മടങ്ങി വന്നില്ലെങ്കിൽ, ആത്മിയ വിപത്ത് നമ്മെ

കാത്തിരിക്കുന്നില്ലേ? ഉവ്വ്! ദൈവം പാപത്തെ ഗൗരവമായി കാണുന്നു എന്ന് അദ്ധ്യായം 18 സംശയരഹിതമായി പറയുന്നു - നാമും അങ്ങനെ കണക്കാക്കണം! നിങ്ങൾക്ക് ആത്മിയ ആവശ്യമുണ്ടെങ്കിൽ, താമസിപ്പിക്കരുത്. അത് ഇപ്പോൾ തന്നെ നിറവേറ്റുക![48]

---

**പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ**

അദ്ധ്യായം 18 നെ ജിം മെക്ഗ്വിഗിൻ "ദ ഒബിച്ച്വറി ഓഫ് ബാബിലോൻ"[49] എന്നാണ് വിളിച്ചത്. അത് ഒരു നല്ല തലവാചകവും വിഷയവുമാണ്. വർത്തമാന പത്രമാഫീസിൽ "ദ മോർഗ്" എന്ന ഒരു വിഭാഗമുണ്ട്, അതിൽ (മറ്റു ഫയലുകൾക്കിടയിൽ), അപ്പോഴും ജീവിച്ചിരിക്കുന്ന പ്രസിദ്ധരായവരുടെ വരു-വാനുള്ള-എഴുത്തുകൾക്കുള്ളതും ഉൾപ്പെടും. റോം നശിപ്പിക്കുന്നതിന് മുൻപ് ദൈവത്താൽ മുൻകൂട്ടി എഴുതപ്പെട്ടതാണ് അദ്ധ്യായം 18.

അദ്ധ്യായത്തിന്റെ ബാഹ്യരൂപരേഖ തയ്യാറാക്കുവാൻ വാരെൻ വിയേഴ്സ്ബേ "ശബ്ദം" എന്ന വാക്ക് എടുത്തിരിക്കുന്നു: (1) ശിക്ഷാവിധിയുടെ ശബ്ദം (വാ. 1–3); വേർപെടുത്തൽ ശബ്ദം (വാ. 4–8); വിലാപ ശബ്ദം (വാ. 9–19); ആഘോഷ ശബ്ദം (വാ. 20–24). അദ്ധ്യായത്തെ ഓവൻ ക്രൗച്ച് "ഡിക്ലറേഷൻസ് ഓഫ് ഡൂം" എന്നാണ് വിളിച്ചത്; അദ്ദേഹം ആദ്യം സ്വർഗത്തിൽനിന്നുള്ള പ്രഖ്യാപനം (വാ. 1–8, 20–24), എന്നും, പിന്നെ "ഭൂമിയിൽനിന്നുള്ള പ്രഖ്യാപനം" എന്നും പറഞ്ഞു (വാ. 9–19).

അദ്ധ്യായത്തിന് സാധ്യതയുള്ള മറ്റു തലവാചകങ്ങൾ ഇതാ: "ദ ഗ്രാന്റർ ദാറ്റ് വാസ് റോം"; "ദ ഫാൾ ഓഫ് പ്രൈഡ്"; "ദ പണിഷ്മെന്റ് ഓഫ് പവർ"; "ഡെസ്റ്റെന്റ് ഫോർ ഡിസാസ്റ്റർ"; "ദ ബിഗ്ഗർ ദേ ആർ"; "സാറ്റൻസ്, ബുക്ക് ഓഫ് ലമെന്റേഷൻസ്."

---

കുറിപ്പുകൾ

[1]ബ്രൂസ് എം. മെറ്റ്സ്ജർ, ബ്രേക്കിങ്ങ് ദ കോഡ്; അണ്ടർസ്റ്റാൻഡിങ്ങ് ദ ബുക്ക് ഓഫ് റെവലേഷൻ (നാഷ്വിലേ.: അബിങ്ങ്ടൺ പ്രസ്, 1993), 85. [2]ദാനിയേൽ റസൽ, പ്രീച്ചിങ് ദ അപോകാലിപ്സ് (ന്യുയോർക്ക്: അബിങ്ങ്ടൺ പ്രസ്, 1935), 206. [3]മൈക്കിൾ വിൽക്കോക്ക്, *ഐ സാ ഹെവെൻ ഓപ്പന്റ്: ദ മെസേജ് ഓഫ് റെവലേഷൻ,* ദ ബൈബിൾ സ്പീക്സ് ടുഡെ സീരീസ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1975), 166. [4]വെളിപ്പാടിൽ ദൂതന് അധികാരമുണ്ടെന്ന് പറയുന്ന ചുരുക്കം ഭാഗങ്ങളിൽ ഒന്നാണിത്. ദൂതന്റെ പ്രഖ്യാപനത്തിന് വലിയ പ്രാധാന്യമുണ്ടായിരുന്നു; അധികാരത്തോടെ പറഞ്ഞത് എന്തെന്ന് യോഹന്നാനും അവന്റെ വായനക്കാരും അറിയണം. [5]പുറപ്പാട് 34:29–35; സങ്കീർത്തനങ്ങൾ 104:2; യെഹസ്ക്കേൽ 43:1–5; 1 തിമൊഥെയൊസ് 6:16. [6]യെശയ്യാവ് 21:9 നോക്കുക. [7]മെറ്റ്സ്ജർ 87. [8]പിന്നീട് വാക്യം 8-ൽ റോമിന്റെ നാശം പറയുവാൻ ഭാവികാലമാണ് ഉപയോഗിച്ചിരിക്കുന്നത്. അദ്ധ്യായം മുഴുവൻ ഭൂതകാലം, വർത്തമാനകാലം, ഭാവികാലം എന്നിവ മാറി മാറിയാണ് ഉപയോഗിച്ചിരിക്കുന്നത്. ഭൂതകാലത്ത് സംഭവിച്ചതുപോലെ തീർച്ചയുള്ള രീതിയിലാണ് സംസാരിച്ചിരിക്കുന്നത്: നശിപ്പിക്കുന്ന എജന്റുകൾ തയ്യാറായി കഴിഞ്ഞതുകൊണ്ട് വർത്തമാന കാലത്തിൽ സംഭവിക്കുന്നതുപോലെ പറയുവാൻ കഴിഞ്ഞു. [9]"തടവ്, പിടിക്കൽ, അല്ലെങ്കിൽ കൂട്" എന്നിവക്ക് ഗ്രീക്കിൽ പ്ര

ാഥമികമായ വാക്കാണ് ഉള്ളത്. (കെ ജെ വി നോക്കുക). ആ വേദഭാഗത്തിലെ സമാനത സൂചിപ്പിക്കുന്നത് അടിസ്ഥാനപരമായി ഉപയോഗിച്ചിരിക്കുന്നത് “വാസസ്ഥലം” എന്ന വാക്കിന്റെ പര്യായമാണ്. [10]വെളിപ്പാടിൽ പലപ്പോഴുമെന്നപോലെ, പഴയ നിയമ ഭാവനയാണ് ഉപയോഗിച്ചിരിക്കുന്നത്. പഴയ നിയമത്തിൽ “അശുദ്ധമായ” പക്ഷികൾക്ക് നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു (ലേവ്യാപുസ്തകം 11). അടിസ്ഥാനപരമായി ശുദ്ധമല്ലാത്ത പക്ഷികൾ ഇരകളായിരുന്നു, സാധാരണ അവയെ ഭക്ഷിച്ചിരുന്നില്ല.

[11]വാക്യം 2 യെശയ്യാവ് 13:20–22; 34:10–15; യിരെമ്യാവ് 51:37 മായി താരതമ്യം ചെയ്യുക. [12]ജെ. ഡബ്ലിയു. റോബർട്സ്, *ദ റവലേഷൻ റ്റു ജോൺ (ദ അപ്പോകാലിപ്സ്),* ദലിവിംഗ് വേഡ് കമന്ററി സീരീസ് (ആസ്റ്റിൻ, ടെക്സ്.; സ്വീറ്റ് പബ്ലിഷിം കമ്പനി., 1974), 146. [13]വില്യം ബാർക്ലെ, *ദ റവലേഷൻ ഓഫ് ജോൺ* വാല്യം 2, റവ. എഡി, ദ ഡയിലി സ്റ്റടി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രെസ്സ്, 1976), 151. [14]റോബർട്ട്സ്, 146. [15]മെറിൽ സി. റ്റെനി, *പ്രൊക്ലൈമിങ് ദ ന്യൂ ടെസ്റ്റമെന്റ്: ദ ബുക്ക് ഓഫ് റവലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1963), 90. [16]“പാഷൻ” എന്ന് ഗ്രീക്ക് തർജ്ജിമ ചെയ്തതിന് “റാത്ത്” എന്നും അർത്ഥമുണ്ട് (കെ. ജെ. വി നോക്കുക). [17]മൂല ഗ്രന്ഥത്തിൽ ആ പ്രയോഗം അക്ഷരീകമയി വായിക്കുന്നത്, “അവളുടെ ആഡംബര *ശക്തി*” എന്നാണ്. [18]ജീ. ബി. കെയിഡ്, *എ കമെന്ററി ഓൺ ദ റവലേഷൻ ഓഫ് സെന്റ് ജോൺ ദ ഡിവൈൻ* (ലണ്ടൻ: ആഡം & ചാൾസ് ബ്ലാക്ക്, 1966.), 223. [19]ദൈവത്തിനു വേണ്ടി സംസാരിച്ച ശബ്ദം (“എന്റെ ജനം” എന്ന പ്രയോഗം നോക്കുക), എന്നാൽ വാക്യം 5-ൽ ദൈവത്തെ മൂന്നാം വ്യക്തിയായി പറഞ്ഞിരിക്കയാൽ അത് ദൈവം ആകണമെന്നില്ല. ചിലർ വിചാരിക്കുന്നത് ക്രിസ്തുവാണ് സംസാരിച്ചത് എന്നാണ്. [20]വേദഭാഗം പകരം വീട്ടുന്ന ഏജന്റ്മാരെ തിരിച്ചറിയിച്ചില്ല. അദ്ധ്യായം 17-ൽ പറഞ്ഞിരിക്കുന്നവരോടായിരിക്കാം ആ വാക്കുകൾ പറഞ്ഞത്, അത് ബാബിലോനെ ബാധിക്കുന്നതായിരിക്കും (റോമിന്റെ) നാശം (17:16) – അല്ലെങ്കിൽ, പകരംവീട്ടുന്ന ഏജന്റ് മാരോടായിരിക്കാം പറഞ്ഞത്.

[21]ജാതികളെ ലഹരി പിടിപ്പിക്കുവാൻ ഉപയോഗിച്ച പാനപാത്രത്തിൽ ദൈവം തന്റെ ക്രോധം പകർന്ന് അവൾക്ക് കൊടുത്തത് ശരിയായ ശിക്ഷ തന്നെയായിരുന്നു. [22]ഐ. ടി. ബെക്ക്വിത്ത്, *ദ അപോകാലിപ്സ് ഓഫ് ജോൺ*, 715. കോട്ടഡ് ഇൻ മൗൺസ്, *ദ ബുക്ക് ഓഫ് റെവലേഷൻ, ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യുടെസ്റ്റമെന്റ് സീരീസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 325. “ഇരട്ടി” ഒരാൾ മറ്റൊരാളുടെ “ഇരട്ടി” ഉണ്ടാകുമെന്നു പറയുന്നതുപോലെയാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ അടിസ്ഥാനപരമായി രണ്ടും ഒന്നു തന്നെയാണ്. [23]വാക്യം 7 യിരെമ്യാവ് 50:29 മായി താരതമ്യം ചെയ്യുക. [24]“മരണം” എന്ന വാക്കിനുള്ള ഗ്രീക്ക് വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്, ചില തർജിമകളിൽ “മരണം” എന്നാണ് (കെജെവി നോക്കുക). അതിന് “പെസ്റ്റിലൻസ്” എന്നും അർത്ഥമുണ്ട് *വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ “ഇടിമുഴക്കവും” “അതിശയിക്കാനില്ല” എന്നുമുള്ള പാഠങ്ങളിലെ പെസ്റ്റിലൻസിന്റെ കുറിപ്പുകൾ നോക്കുക. [25]ഈ പ്രയോഗത്തെ യെശയ്യാവ് 47:9 മായി താരതമ്യം ചെയ്യുക. *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ “ഇവിടെ ഇതാ സർപ്പങ്ങൾ” എന്ന പാഠത്തിലെ “ഒന്ന്” എന്ന സംഖ്യയുടെ ആലങ്കാരിക അർത്ഥം നോക്കുക. [26]വാക്യങ്ങൾ 9 മുതൽ 19 വരെ യെഹസ്ക്കേലിന്റെ സോരിനെ കുറിച്ചുള്ള വിലാപം താരതമ്യം ചെയ്യുക (യെഹസ്ക്കേൽ 27). [27]*വെളിപ്പാട്, 3* ലെ “ദൈവത്തിന്റെ ഉണർത്തു വിളി” എന്ന പാഠത്തിലെ “അയ്യോ” എന്ന വാക്കിനെ കുറിച്ചുള്ള പരാമർശം നോക്കുക. ചില തർജിമകളിൽ ഇവിടെ “അലാസ്” എന്ന വാക്കാണ് (കെജെവി നോക്കുക), എന്നാൽ അതേ വാക്ക് വേറൊരു ഭാഗത്ത്

“ഞങ്ങൾ” എന്നാണ് തർജിമ ചെയ്തിരിക്കുന്നത്. അത് ഇവിടെ രണ്ട് പ്രാവശ്യവും വാക്യം 16 ലും 19 ലും ഊന്നലിന് ആവർത്തിച്ചിരിക്കുകയാണ്. [28]“നിന്റെ ന്യായവിധി” എന്ന പ്രയോഗം സൂചിപ്പിക്കുന്നത് “നിനക്ക് യോഗ്യമായ വിധി” എന്നാണ്, അന്തർലീനമാക്കുന്നത്, “നീ നിനക്കുതന്നെ വരുത്തി വെച്ച വിധി” എന്നാണ്. [29]റബൽ ഷെല്ലി, *ദ ലാമ്പ് ആന്റ് ഹിസ് എനിമീസ്: അണ്ടർസ്റ്റാൻഡിങ് ദ ബുക്ക് ഓഫ് റെവലേഷൻ* (നാഷ്വിലേ: 20 ത് സെഞ്ചുറി ക്രിസ്ത്യൻ ഫൗണ്ടേഷൻ, 1983), 99. [30]ചില തർജിമകളിൽ “മെർച്ചൻഡൈസ്” എന്നാണ് (കെജെവി നോക്കുക), എന്നാൽ “കാർഗോസ്” എന്നാണ് അക്ഷരിക തർജിമ.

[31]ഫ്രാങ്ക് പാക്ക്, *റെവലേഷൻ* പാർട്ട്, 2, ദ ലിവിങ് വേഡ് സീരീസ് (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1965), 37. [32]“മാലുമി” എന്നത് ഗ്രീക്കിൽനിന്നു തർജിമ ചെയ്തിരിക്കുന്നതിനർത്ഥം, കപ്പലുടമ എന്നല്ല, പിന്നെയോ പൈലറ്റ്, അഥവാ കപ്പലോടിക്കുന്നവൻ എന്നാണ്. [33]മൂലഗ്രന്ഥത്തിൽ, “ഓരോ ദിക്കിലേക്ക് പോകുന്നവർ” എന്നാണ്, യാത്രക്കാർക്ക് പുറമെ, ചരക്കുകളോടുകൂടി പോകുന്നവരും, ഒരുപക്ഷെ മറ്റുള്ളവരും ഉൾപ്പെട്ടേക്കാം. [34]ഈ ചോദ്യം യെഹസ്കേൽ 27:32 മായി താരതമ്യം ചെയ്യുക. [35]പുരാതന കാലത്ത് തലയിൽ പൂഴി വാരിയിടുന്നത് ദുഃഖസൂചനയായിരുന്നു (യെഹസ്കേൽ 27:30 നോക്കുക), അതുപോലെയാണ് വസ്ത്രം കീറുന്നതും (പ്രവൃത്തികൾ 14:14). നമ്മിൽ പലരും ദുഃഖസൂചകമായി അങ്ങനെ ചെയ്യുന്നില്ല. എന്നാൽ ചില സ്ഥലങ്ങളിൽ അതുപോലെയുള്ളത് ചെയ്യുന്നുണ്ട് (ഉദാഹരണമായി ദുഃഖം സൂചിപ്പിക്കുവാൻ കറുപ്പ് ധരിക്കും). [36]ആ വാക്കുകൾ കപ്പൽയാത്രക്കാർ പറഞ്ഞതായാണ് ചില തർജിമക്കാരുടെ ഫോർമാറ്റുകൾ സൂചിപ്പിക്കുന്നത്, എന്നാൽ ആ വാക്കുകൾ അവരുടെ സ്വഭാവവുമായി ബന്ധമില്ലാത്തതാകുന്നു. [37]അത്തരം നിർണ്ണയത്തിന് പഴയനിയമ ഉദാഹരണത്തിനായി ആവർത്തനപുസ്തകം 19:16–21 നോക്കുക. [38]ഇത് പുസ്തകത്തിൽ പറഞ്ഞ മൂന്നാമത്തെ “ശക്തനായ ദൂതനാണ്” (5:2; 10:1 നോക്കുക). [39]ഈ പ്രവൃത്തിയെ യിരെമ്യാവ് 51:59–64; കൂടാതെ മർക്കൊസ് 9:42 ലെ സംഭവങ്ങളുമായി താരതമ്യം ചെയ്യുക. [40]റസൽ, 211.

[41]ആ പ്രയോഗം ആറു പ്രാവശ്യം കാണുന്നതിന്റെ ആലങ്കാരിക അർത്ഥം, ഒരു പക്ഷെ ഭാവിയിലെ *പരാജയ*മായിരിക്കാം സൂചിപ്പിക്കുന്നത്. ‘‘ആറ്’’ എന്ന സംഖ്യയുടെ ആലങ്കാരിക പ്രാധാന്യം അറിയുവാൻ, *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ ‘‘ഇവിടെ ഇതാ സർപ്പം’’ എന്ന പാഠം നോക്കുക. [42]‘‘മുസിഷ്യൻ” എന്നത് ഗ്രീക്കിൽ നിന്നു തർജിമ ചെയ്തിരിക്കുന്നതിന് “സംഗീതത്തിൽ പ്രാഗത്ഭ്യം ലഭിച്ചവൻ’’ എന്നാണ് അർത്ഥം. ഈ സന്ദർഭത്തിൽ, പാട്ടു പാടുന്നവരെയാണ് ഉദ്ദേശിച്ചിരിക്കുന്നത്. ആർഎസ്വിയിൽ “മിനിസ്ട്രെൽസ്” എന്നാണ്. [43]റോമിന്റെ വീഥികളിൽ അന്ന് വിളക്കുകളുണ്ടായിരുന്നോ എന്ന് തീർച്ചയില്ല. എന്നാൽ ധനികരുടെ വീടുകൾ പ്രകാശപൂരിതമായിരുന്നു. ആധുനിക വീടുകൾക്ക് വിളക്കുകൾ-ഉപയോഗിച്ച് വീഥികളിലൂടെയുള്ള പ്രദക്ഷിണം സാധാരണയായിരുന്നു. [44]വാക്യങ്ങൾ 22 ഉം 23 ഉം യെശയ്യാവ് 24:8; യിരെമ്യാവ് 25:10; യെഹസ്കേൽ 26:13 മായി താരതമ്യം ചെയ്യുക. നാടകിയമായ ഭാഗം വലിയ തോതിൽ വിപുലമാക്കാം. വാക്യങ്ങൾ 22 ലും 23 ലും വിവരിച്ചിരിക്കുന്നത് നിങ്ങളുടെ പ്രദേശത്തിനു എങ്ങനെ യോജിക്കുന്നുവെന്ന് ഊഹിക്കുക. [45]മെറ്റ്സ്ജർ 87. [46]ഷെല്ലി, 99. [47]പല വ്യാഖ്യാതാക്കളും അമേരിക്കക്ക് പ്രത്യേകമായ പ്രായോഗികത വരുത്തുന്നു. ഉദാഹരണത്തിന്, ഹോമർ ഹെയ്‌ലി, *റെവലേഷൻ: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979), 366, 371–72. നിങ്ങളുടെ ദേശത്തിന് പ്രായോഗികത വരുത്തുക. [48]നിങ്ങൾ ഇത് ഒരു പ്രസംഗമായി

അവതരിപ്പിക്കുകയാണെങ്കിൽ, നിങ്ങളുടെ ശ്രോതാക്കളുടെ ആത്മിയമായ ആവശ്യങ്ങൾ എങ്ങനെ നിറവേറ്റണമെന്ന് പറയുക. ഇതിന് സഹായകരമായ വാക്യങ്ങൾക്ക് അവസാനത്തെ പാഠമായ "എന്റെ ജനമേ, അവളെ വിട്ടുപോരുവിൻ" എന്നതിലെ കുറിപ്പുകൾ 50 നോക്കുക. [49]ജിം മെക്ഗ്വിഗിൻ, *ദ ബുക്ക് ഓഫ് റെവലേഷൻ, ലുക്കിങ് ഇൻടു ദ ബൈബിൾ സീരീസ്* (ലബ്ബക്ക്, ടെക്സ്.: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 249.

---

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. അദ്ധ്യായം 18-ൽ വിവരിച്ചിരിക്കുന്ന നാശത്തിന്റെ പഴയനിയമഭാഗങ്ങളിലുള്ളത് വായിച്ച് ഗ്രഹിക്കുക. നാം പഠിച്ച വേദഭാഗത്തിൽ അതേ പ്രയോഗങ്ങൾ ഉപയോഗിച്ചിരിക്കുന്നത് എന്തിനാണെന്നാണ് നിങ്ങൾ കരുതുന്നത്?
2. വാക്യം 2-ൽ ദൂതൻ ഭുതകാലം ഉപയോഗിച്ചതെന്തിന്? അതിനർത്ഥം റോം അക്ഷരികമായി നശിപ്പിച്ചുകഴിഞ്ഞു എന്നാണോ?
3. ഉപേക്ഷിക്കപ്പെട്ട കെട്ടിടത്തിൽ "അശുദ്ധ" ജന്തുക്കൾ കടന്നുകൂടിയിരിക്കുന്നത് (വാക്യം 2 ലെ രംഗം പോലെ) നിങ്ങൾ കണ്ടിട്ടുണ്ടോ?
4. ധനികമാകുവാനുള്ള ആഗ്രഹം റോമിനുണ്ടായിരുന്നതായി വാക്യം 3-ൽ അന്തർലീനമാക്കിയിരിക്കുന്നു. ലാഭമുണ്ടാക്കുന്നത് തെറ്റാണോ? പണമുണ്ടാക്കുന്നത് എപ്പോഴാണ് പാപമാകുന്നത്?
5. "അവൾക്ക് ഇരട്ടി കൊടുപ്പിൻ" എന്നത് വിവരിച്ച് (വാ. 6), അതിന്റെ സാധ്യതയുള്ള അർത്ഥവും വ്യക്തമാക്കുക. അതിന്റെ അർത്ഥം എന്താണെന്നാണ് *നിങ്ങൾ* വിചാരിക്കുന്നത്?
6. "ഒരു ദിവസം" "ഒരു മണിക്കൂർ" എന്നീ പ്രയോഗങ്ങൾ അക്ഷരികമായിട്ടാണോ അതോ ആലങ്കാരികമായിട്ടാണോ എടുക്കേണ്ടത്? അവയുടെ ആലങ്കാരിക പ്രാധാന്യം എന്ത്?
7. റോമിനെ കുറിച്ചു കരഞ്ഞ മൂന്നു സംഘങ്ങൾ ഏവ? അവർ *എന്തിനാണ്* കരഞ്ഞത്? അവർ എന്തുകൊണ്ടാണ് ദുരെ നിന്നത്?
8. ദൂതൻ തിരികല്ല് സമുദ്രത്തിൽ എറിഞ്ഞതിന്റെ ആലങ്കാരിക പ്രാധാന്യം എന്ത്?
9. "ഇനി ... ഇല്ല" (അല്ലെങ്കിൽ അതിനു തുല്യമായത്) എത്ര പ്രാവശ്യം അദ്ധ്യായത്തിന്റെ അവസാനം കാണുന്നു? ആ വാക്കിന്റെ പ്രാധാന്യമെന്ത്?
10. വാക്യം 22 ലേയും 23 ലേയും വിവരണങ്ങൾ നിങ്ങളുടെ പ്രദേശത്തെ നഗരത്തിനോ ടൗണിനോ പ്രായോഗികത വരുത്തുക (അല്ലെങ്കിൽ നിങ്ങളുടെ അടുത്തുള്ള ടൗൺ അഥവാ നഗരം). അതുപോലെയുള്ള നഗരത്തിൽകൂടെ നടക്കുമ്പോൾ നിങ്ങൾക്ക് എന്തു തോന്നും?
11. അക്ഷരികമായി റോമിന് സംഭവിച്ചത് വിവരിക്കുക.
12. അദ്ധ്യായം 18 ൽനിന്ന് എന്ത് പ്രായോഗിക പാഠങ്ങൾ പഠിക്കണമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?



**മഹതിയാം ബാബിലോൻ വീണുപോയി (18:2)**



ദൂതൻ തിരികല്ല് പൊക്കുന്നു (18:21)